**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2893** **24-02-2026 - ൽ മറുപടിയ്ക്ക്**

**കായംകുളം പൊഴിയിലെ ഊന്നിവലകളുടെ രജിസ്ട്രേഷൻ പുതുക്കുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ രമേശ് ചെന്നിത്തല** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കായംകുളം പൊഴിയിൽ ഏകദേശം നൂറ് വർഷമായി പട്ടയത്തോടെ പ്രവർത്തിക്കുന്ന ഊന്നിവലകളുടെ രജിസ്ട്രേഷൻ ഫിഷറീസ് വകുപ്പ് പുതുക്കി നൽകാത്തിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | കേരള ഇൻലാന്റ് ഫിഷറീസ് & അക്വാകൾച്ചർ ആക്ട് (KIFA) 2010, (2021 ഭേദഗതി ആക്ട്) അനുസരിച്ചാണ് നിലവിൽ സ്ഥാവര വലകളുടെ രജിസ്ട്രേഷൻ, റീ രജിസ്ട്രേഷൻ എന്നിവ ചെയ്തു നൽകുന്നത്. എന്നാൽ, അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ ഊന്നിവലകൾ റീ-രജിസ്റ്റർ ചെയ്തു നൽകുന്നതിന് KIFA Act ചട്ടത്തിലെ 23 (1) i & KIFA ഭേദഗതി ആക്ട് 2021ലെ 14 (1) (എ) ഉപവകുപ്പ് അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. KIFA ഭേദഗതി ആക്ട് 2021-ലെ 14(1)(എ) പ്രകാരം "ഏതൊരു ഉറപ്പിച്ച യന്ത്രത്തിന്റെയും ഉടമസ്ഥാവകാശം അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ പക്കൽ നിന്നും രേഖാമൂലം ലഭിച്ച ഒരു അനുമതി പത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ നിയമാനുസൃത പിൻതുടച്ചാവകാശിക്കോ അയാൾ മത്സ്യത്തൊഴിലാളിയല്ലാത്ത സംഗതിയിൽ, മറ്റൊരു മത്സ്യത്തൊഴിലാളിക്കോ കൈമാറ്റം ചെയ്യാൻ പാടുള്ളൂ" എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കായംകുളം പൊഴിച്ചാലിൽ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിയ്ക്കുന്ന സ്ഥാവര വലകൾ റീ-രജിസ്റ്റർ ചെയ്തു നൽകുന്നതിലേയ്ക്ക് ആവശ്യമായ രേഖകൾ സമർപ്പിയ്ക്കാത്തതു മൂലവും, ടി ആക്ടിൽ പ്രതിപാദിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കപ്പെടാത്തതിനാലും ആണ് വകുപ്പിന് സാങ്കേതിക ബുദ്ധിമുട്ട് പ്രസ്തുത വിഷയത്തിൽ ഉളവായിട്ടുള്ളത്. നിലവിൽ ആലപ്പുഴ ജില്ലയിൽ കായംകുളം പൊഴിയിൽ പ്രവർത്തിയ്ക്കുന്ന 8-1/2(എട്ടര) വലകൾ കൈമാറ്റം ചെയ്ത്, നിയമാനുസൃതം റീ-രജിസ്റ്റർ ചെയ്തു നൽകിയിട്ടുണ്ട്. കായംകുളം പൊഴിയിൽ 54 വ്യക്തികൾക്കായി 83 ഊന്നി വലകളാണ് പ്രവർത്തിച്ചു വരുന്നത്. നിലവിൽ 9 വ്യക്തികൾക്ക് ഊന്നി വലയുടെ റീ രജിസ്ട്രേഷൻ |

| | | | |
|---|---|---|---|
| | | | വകുപ്പിൽ നിന്നും നൽകിയിട്ടുണ്ട്. ബാക്കിയുള്ള 45 ഊന്നിവല ഉടമകൾക്ക് ആവശ്യമായ രേഖകൾ ഇല്ലാത്തതിനാലും സ്ഥലം മാറി പോയിട്ടുള്ളതിനാലും യഥാർത്ഥ ഉടമസ്ഥരെ കണ്ടെത്താനാകാത്തതിനാലും രജിസ്ട്രേഷൻ, റീ രജിസ്ട്രേഷൻ അനുവദിക്കുവാൻ നിലവിൽ സാധിക്കാത്ത സാഹചര്യമാണ് ഉള്ളത്. |
| (ബി) | രജിസ്ട്രേഷൻ പുതുക്കി ലൈസൻസ് ഫീസ് സ്വീകരിക്കാത്തതിനാൽ ഊന്നിവലകളുടെ ഉടമസ്ഥരായ മത്സ്യത്തൊഴിലാളികൾക്ക് സിവിൽ സപ്ലൈസിൽ നിന്നും ലഭിച്ചുകൊണ്ടിരുന്ന മണ്ണെണ്ണ പെർമിറ്റും വിവിധ ആനുകൂല്യങ്ങളും നിലച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | KIFA ആക്ട് 2010 (ഭേദഗതി ആക്ട് 2021) എന്നിവ പ്രകാരമുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായാണ് നിലവിൽ സ്ഥാവര വലകൾക്ക് രജിസ്ട്രേഷൻ, റീ-രജിസ്ട്രേഷൻ നൽകുന്നത്. നിയമപരമായി രജിസ്ട്രേഷൻ അല്ലെങ്കിൽ റീ-രജിസ്ട്രേഷൻ പൂർത്തിയാക്കിയ വലകൾക്ക് മാത്രമേ ലൈസൻസ് പുതുക്കി നൽകാൻ സാധിക്കുകയുള്ളൂ. ഊന്നിവലകളുടെ ഉടമസ്ഥർക്ക് മണ്ണെണ്ണ പെർമിറ്റ് നിലവിൽ വകുപ്പ് മുഖേന നടപ്പാക്കുന്നില്ല. |
| (സി) | കായംകുളം മേഖലയിലെ ഊന്നിവല ഉടമകളും തൊഴിലാളികളും ഈ ഊന്നിവലകളെ ആശ്രയിച്ച് കഴിയുന്നവരും നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (സി) | സ്ഥാവരവലകളുടെ രജിസ്ട്രേഷനും റീ-രജിസ്ട്രേഷനും സുഗമമമായി നടത്തുന്നതിന് KIFA ആക്ടിൽ ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തേണ്ടതുണ്ട്. ആയതിന് തൽപരകക്ഷികളുടെ അഭിപ്രായങ്ങൾ ശേഖരിച്ച്, വിശദ പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. നിലവിൽ വലകൾ പ്രവർത്തിപ്പിച്ചു വരുന്നവർക്ക് KIFA നിയമത്തെക്കുറിച്ച് ബോധവൽക്കരണം നൽകുന്നുണ്ട്. വലകളുടെ കൈമാറ്റവും റീ-രജിസ്ട്രേഷനും നിയമപരമായി നടത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. ഈ നടപടികളുടെ ഭാഗമായി കായംകുളം പൊഴിയിൽ ഇതിനോടകം 8-1/2 (എട്ടര) വലകൾ നിയമാനുസൃതം കൈമാറ്റം ചെയ്ത് റീ-രജിസ്റ്റർ ചെയ്തു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ